ഒരു നിയോജകമണ്ഡലത്തിൽ രണ്ട് സ്കൂൾ കെട്ടിടനിർമ്മാണ പദ്ധതിയനുസരിച്ച് പൂർത്തിയായ കെട്ടിടങ്ങൾ

463 [502] ശ്രീ. പി. ഐസ്ക്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിൽ രണ്ടു കെട്ടിടങ്ങൾ ഉണ്ടാക്കുന്ന പദ്ധതിയനുസരിച്ച് എത്ര സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയായി;

(ബി) ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പൂർത്തിയാകാത്ത കെട്ടിടങ്ങളുടെ പണി എപ്പോൾ ആരംഭിക്കും?

ഉത്തരം

(എ) വെള്ളപ്പൊക്കക്കെടുതികളെ തുടർന്ന് അത്യാവശ്യമായി കെട്ടിടംപണി ആവശ്യമുള്ള രണ്ടു സ്കൂളുകളുടെ പേർ നിർദ്ദേശിക്കുവാൻ എം.എൽ.എ. മാരോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷം 262 സ്കൂളുകളുടെ പണി/പുതുക്കിപ്പണി നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. അവയിൽ 81 സ്കൂളുകളുടെ പണി പൂർത്തിയായി.

(ബി)

തിരുവനന്തപുരം	7
കോട്ടയം	4
ഇടുക്കി	4
എറണാകുളം	13
പാലക്കാട്	7
മലപ്പുറം	1
കോഴിക്കോട്	12
വയനാട്	8
കണ്ണൂർ	11
കാസർകോട്	14
ആകെ	81

(സി) പൂർത്തിയാകാത്ത കെട്ടിടങ്ങളുടെ പണി ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂരിൽ ഒരു സ്പോർട്ട്സ് സ്കൂൾ

464 [503] ശ്രീ. എ. കെ. ശശീന്ദ്രൻ:
,, സി.പി. മൂസ്സാൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ ഒരു സ്പോർട്ട്സ് സ്കൂൾ സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സ്ഥാപിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന്, വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി മാങ്ങാംപറമ്പിൽ സർക്കാർ സ്ഥലമെടുപ്പു നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്കൂൾ തുടങ്ങാൻ കാലതാമസമുണ്ടായ സാഹചര്യം വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly